**ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്**

രജി.ഓഫീസ് XIV/130, കോട്ടയം സൗത്ത് പി.ഒ,, കോടിമത,കോട്ടയം

വെബ് സൈറ്റ് : www.oilpalmindia.com

ഒപി/പിഒ/1923 . 08-11-2024

**ഇ-ടെൻഡർ നോട്ടീസ്**

കമ്പനിയുടെ **ഏരൂർ** ഡിവിഷൻ - എ, ബി, സി, ഡി ഡിവിഷനുകളിലെ എണ്ണപ്പനയിൽ നിന്ന് ശേഖരിക്കുന്ന പനങ്കുലകൾ ഏരൂർ എസ്റ്റേറ്റ് ഫാക്ടറിയിൽ എത്തിക്കുന്നതിന് ടിപ്പർ ലോറി ഉടമകളിൽ നിന്ന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സീസൺ( 01.01.2025 **മുതൽ** 31.07.2025), ഓഫ് സീസൺ( 01.08.2025 **മുതൽ** 31.12.2025) എന്നീ രണ്ടു കാലയളവിലേക്ക് മത്സര സ്വഭാവമുള്ള ഇ-ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു.

**വ്യവസ്ഥകൾ**

1 ഇ-ടെൻഡറുകളിൽ മേൽ പറഞ്ഞ എസ്റ്റേറ്റിൽ നിന്നും എണ്ണപ്പനങ്കുലകൾ ഏരൂർ എസ്റ്റേറ്റ് ഫാക്ടറിയിൽ ടിപ്പർ ലോറി മുഖാന്തരം ഇറക്കി നൽകുന്നതിന് ഒരു ടണ്ണിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

2.ഒരു ടൺ എണ്ണപ്പനങ്കൂലക്ക് 01.01.2025 **മുതൽ** 31.07.2025 വരെയുള്ള സീസണിലേക്കും, 01.08.2025 **മുതൽ** 31.12.2025 വരെയുള്ള ഓഫ് സീസണിലേക്കും എത്തിക്കുന്നതിനുള്ള റേറ്റ് വെവ്വേറെ രേഖപ്പെടുത്തേണ്ടതാണ്.

3.രണ്ടു സീസണിലേക്കും നിരക്കുകൾ രേഖപ്പെടുത്തുന്ന ഇ-ടെൻഡറുകൾ മാത്രമേ പരിഗണിക്കുകയുള്ളു. അതായത് 01.01.2025 **മുതൽ** 31.07.2025 വരെ നിരക്ക് ക്വോട്ട് ചെയ്യുന്ന ആൾ 01.08.2025 **മുതൽ** 31.12.2025 വരെയുള്ള കാലയളവിലും നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.

4. ഏരൂർ ഡിവിഷൻ - എ, ബി, സി, ഡി ഡിവിഷനുകളിലെ എണ്ണപ്പനയിൽ നിന്ന് സീസൺ, ഓഫ് സീസൺ എന്നീ രണ്ടു കാലയളവിലും ലഭിക്കാവുന്ന കുലയുടെ ഏകദേശ കണക്ക് താഴെ ചേർക്കുന്നു.

| ഭാഗം | എസ്റ്റേറ്റ് | സീസണിൽ ലഭിക്കാവുന്ന കുലകൾ | ഓഫ് സീസണിൽ ലഭിക്കാവുന്ന കുലകൾ | ആകെ തൂക്കം |
|---|---|---|---|---|
| 1 | **ഏരൂർ എ, ബി, സി, ഡി ഡിവിഷൻ** | 6500 ടൺ | 3400 ടൺ | 9900 ടൺ |

5. ഇ-ടെൻഡർ ഉറപ്പിക്കുന്നതിനായി ഓരോ ഭാഗത്തിലും സീസൺ, ഓഫ് സീസൺ കാലയളവിൽ ലഭിക്കാവുന്ന കുലയുടെ മൊത്തം തൂക്കവുമായി ഓരോ വ്യക്തിയും രേഖപ്പെടുത്തിയ നിരക്കുകൾ ഗുണനം ചെയ്യുമ്പോൾ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ വ്യക്തിയുടെ നിരക്കായിരിക്കും അതാത് ഭാഗങ്ങളിൽ പരിഗണിക്കുന്നത്.

6. ഇ-ടെൻഡറിനൊപ്പം **നിരതദ്രവ്യമായും ടെൻഡർ ഫീയയും** നൽകേണ്ട നിരക്ക് താഴെ ചേർക്കുന്നു.

| ഡിവിഷൻ | നിരതദ്രവ്യം | ടെൻഡർഫീ |
|---|---|---|
| **ഏരൂർ എ, ബി, സി, ഡി ഡിവിഷൻ** | Rs. 60,750/- | Rs. 4,300/- |

7. ഓൺലൈനായി ഇ-ടെൻഡറുകൾ തരുന്നതിനുള്ള അവസാന തീയതി 19-11-2024 ചൊവാഴ്ച 3.00 PM വരെ. ടെൻഡറുകൾ തുറക്കുന്ന തീയതി 20-11-2024 3.00 PM ന്.

8. ഇ-ടെൻഡറുകൾ പ്രകാരം ലഭിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ ഭാഗത്തിലും കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തുന്ന ലോറി ഉടമകളുമായി കരാർ ഉറപ്പിക്കുന്നതുമായിരിക്കും.

9.ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞാൽ ഓരോ ഭാഗത്തിലേയും കരാറിനോടൊപ്പം ഒറ്റ തവണയായി സെക്യ്യൂരിറ്റി ഡിപ്പോസിറ്റ് അടച്ച് 500 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. സെക്യ്യൂരിറ്റി ഡിപ്പോസിറ്റായി നൽകേണ്ട നിരക്ക് താഴെ ചേർക്കുന്നു.

| ഡിവിഷൻ | സെക്യൂരിറ്റി ഡിപ്പോസിറ്റ് |
|---|---|
| **ഏരൂർ എ, ബി, സി, ഡി ഡിവിഷൻ** | Rs. 1,21,500/- |

10.ഇ–ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തിക്ക് 6 ടൺ കുറയാതെ കപ്പാസിറ്റിയുള്ള 1 വാഹനം എങ്കിലും സ്വന്തമായി ഉണ്ടായിരിക്കേണ്ടതാണ്. കരാർ ഉറപ്പിക്കുമ്പോൾ തന്നെ സ്വന്തം ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ നമ്പരും വിശദ വിവരങ്ങളും,രജിസ്ട്രേഷൻ, പെർമിറ്റ്, ഇൻഷുറൻസ് സംബന്ധമായ പ്രമാണങ്ങൾ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. ഓരോ എസ്റ്റേറ്റിലും/ഭാഗത്തിലും ആവശ്യാനുസരണം വാഹനം യഥാസമയം വിട്ടുതരുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനായിരിക്കും.

11. ഒരു വ്യക്തിക്ക് കരാർ നൽകുന്ന ഭാഗങ്ങളുടെ എണ്ണം പരമാവധി മൂന്നായി നിജപ്പെടുത്തിയിരിക്കുന്നു.

12.കരാർ ഉറപ്പിക്കുന്ന ടിപ്പർ ലോറി ഉടമകൾ നിർബന്ധമായും കാലാവധി തീരും വരെ ടിപ്പർ ലോറികൾ തന്നെ കുലകൾ കയറ്റി ഇറക്കുന്നതിനു നൽകേണ്ടതാണ്. യാതൊരു കാരണവശാലും സൈഡ്ബോഡി ഇനത്തിൽപ്പെട്ട ലോറി കൾ അനുവദിക്കില്ല.

13.കോൺട്രാക്ടർ യഥാസമയം ആവശ്യമായ വാഹനങ്ങൾ വിട്ടുതരാതിരുന്നാൽ കമ്പനി മറ്റു വിധത്തിൽ വാഹനങ്ങൾ ഏർപ്പാടു ചെയ്യുന്നതും തന്മൂലം കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

14.കമ്പനി ആവശ്യപ്പെടുന്ന ട്രിപ്പുകൾ ഏതെങ്കിലും കാരണവശാൽ കോൺട്രാക്ടർ മുടക്കിയാൽ ട്രിപ്പ് ഒന്നിന് **Rs.2500/-** രൂപ പിഴ ഈടാക്കുന്നതാണ്.

15.വാഹനങ്ങൾക്ക് ആവശ്യമായ ഇന്ധനം, മറ്റ് അനുബന്ധ വസ്തുക്കൾ മുതലായവ വാഹന ഉടമകൾ കരുതിയിരിക്കണം. വാഹനങ്ങൾ എസ്റ്റേറ്റിനുള്ളിൽ കേടാകുകയോ, ഓടാൻ പറ്റാത്ത അവസ്ഥയാൽ പുതയുകയോ ചെയ്താൽ കോൺട്രാക്റ്റർ സ്വന്തം ഉത്തരവാദിത്വത്തിൽ കേടുപാടുകൾ മാറ്റി വാഹനം ഓടിക്കേണ്ടതാണ്.

16.ഏതു ടെൻഡറും പ്രത്യേക കാരണം കൂടാതെ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കും.

17.കരാറിന്റെ കാലാവധി 01.01.2025 മുതൽ 31.12.2025 വരെയും ആയിരിക്കും.

18.ടെൻഡറുമായി ബന്ധപ്പെട്ട എല്ലാ നിയമ നടപടികൾക്കും കോട്ടയത്തുള്ള കോടതികളെ സമീപിക്കേണ്ടതാണ്.

19.വിവിധ എസ്റ്റേറ്റുകളിൽ നിന്നും കൊണ്ടുവരുന്ന പഴം ടിപ്പറുകളിൽ നിന്നും വഴിയിൽ നഷ്ടപ്പെടാതിരിക്കുവാനായി ടാർപ്പ ഉപയോഗിച്ച് കെട്ടി കൊണ്ടുവരേണ്ടതാണ്.

20.കരാർ കാലയളവിൽ ആദ്യ മൂന്ന് മാസം ഒരു ടൺ പഴത്തിന് ട്രാൻസ്പോർട്ടേഷൻ ചാർജായി കരാറിൽ പറയുന്ന നിരക്കിൻ മേൽ യാതൊരു മാറ്റവും അനുവദിക്കുന്നതല്ല. വർക്ക് ഓർഡർ ദിവസത്തിൽ അഞ്ചലിലെ ഡീസലിന്റെ (1 ലിറ്റർ) വിലയാണ് പ്രഥമഅടിസ്ഥാന ഇന്ധന വിലയായി കണക്കാക്കുന്നത്. 10% അധികവില വർദ്ധനവിന് ശേഷം മാത്രമേ നിരക്കു വർദ്ധനയ്ക്കായി പരിഗണിക്കുകയുള്ളൂ.10% വില വർദ്ധനവിലൂടെ എത്തുന്ന തുകയാണ് ദ്വിതീയ അടിസ്ഥാന വിലയായി കണക്കാക്കുന്നത്.

നിരക്കു വർദ്ധന പരിഗണിക്കുന്നതിനായി പ്രതിമാസ ഇന്ധന വിലയിലെ വർദ്ധനവ് കണക്കിലെടുക്കാൻ സേവനദാതാവ് ഇന്ധന ഇനത്തിൽ ചിലവാകുന്നതിന്റെ ബില്ല് സമർപ്പിക്കേണ്ടതും ഇതിൽ പ്രകാരം താഴെ പറയുന്ന ഫോർമുലയുടെ അടിസ്ഥാനത്തിൽ നിരക്കിൽ വ്യത്യാസം വരുന്നതാണ്.

$$X = \frac{\text{Quoted Rate per MT of FFB Transportation}}{\text{Present Escalated Price of diesel}}$$

A= Present Escalated Price of Diesel – Secondary Basic Price of diesel

**Final Rate (Z)= (X x A)+ Quoted Rate per Mt of FFB transportation**.

21.കൂടുതൽ വിവരങ്ങൾ എസ്റ്റേറ്റു ഓഫീസുകളിൽ നിന്നും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

ഫോൺ: കോട്ടയം: 0481 2567104, ഏരൂർ: 0475 2202324, 9745766470

ഒപ്പ്
**സീനിയർ മാനേജർ (പ്രോജക്ട്സ്)**